മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ

മൈലപ്ര, പത്തനംതിട്ട



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ

### മൈലപ്ര, പത്തനംതിട്ട

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025

## മുഖവുര

പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി 2017-18 കാലഘട്ടത്തിൽ കേരളത്തിലെ വിദ്യാലയങ്ങളിലെല്ലാം അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിൽ സമൂലമായ പരിവർത്തനത്തിന് ഈ പദ്ധതി സഹായകമായി. വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ആവശ്യകത മനസിലാക്കി കൂടുതൽ കാര്യക്ഷമമായി സ്കൂളുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും അക്കാദമിക മാസ്റ്റർ പ്ലാൻ വളരെയധികം സഹായകമായി. വിഷയാധ്യാപകരും മറ്റു ചുമതലകൾ വഹിക്കുന്നവരും തയ്യാറാക്കിയ വാർഷിക പ്ലാനുകളുടെയും സൂക്ഷ്മ തലത്തിലുള്ള ആസൂത്രണ രേഖകളുടേയും സൂചനകൾ മാത്രമാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിശദാംശങ്ങൾ നിശ്ചിത സമയങ്ങളിൽ നിർണ്ണയിക്കുകയും ഏകോപനം സാധ്യമാക്കുകയും ചെയ്യുന്നുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ എസ്. ആർ. ജി.യുടെ നേതൃത്വത്തിലും പി. ടി. എ.യുടെ നേതൃത്വത്തിലും നടത്തുന്നു.

പ്രിൻസിപ്പാൾ

# അടിസ്ഥാന വിവരങ്ങൾ

റവന്യൂ ജില്ല - പത്തനംതിട്ട

സ്കൂൾ കോഡ് - 38052,03060

സ്കൂളിന്റെ പേര് - മൗണ്ട് ബഥനി ഇ. എച്ച്. എസ്സ്. എസ്സ്.

മേൽവിലാസം - പള്ളിപ്പടി, മൈലപ്ര

പിൻ കോഡ് - 689671

ഫോൺ നമ്പർ - 0468-2222455, 9497281197

ഇ-മെയിൽ വിലാസം - mbehss1@gmail.com

ഗ്രാമപഞ്ചായത്ത് - മൈലപ്ര

വിദ്യാഭ്യാസ ജില്ല - പത്തനംതിട്ട

സബ്ജില്ല - പത്തനംതിട്ട

ക്ലാസുകൾ - ബയോളജി സയൻസ്, കമ്പ്യൂട്ടർ സയൻസ്

കുട്ടികളുടെ എണ്ണം - 237

ഭിന്നശേഷിയുള്ള കുട്ടികൾ - ഇല്ല

# ആമുഖം

അര നൂറ്റാണ്ട് നീളുന്ന ചരിത്രമുള്ള വിദ്യാലയമാണ് മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ മൈലപ്ര. പ്ലസ്ടു വിദ്യാഭ്യാസം സ്കൂളുകളിലേക്ക് മാറ്റിയ 2000-01 കാലഘട്ടത്തിൽ തന്നെ ഹയർ സെക്കൻഡറി സ്കൂളായി ഉയർത്തപ്പെട്ട വിദ്യാലയമാണിത്. പത്തനമതിട്ട ജില്ലയുടെ ഹൃദയ ഭാഗത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.

**ലഘുചരിത്രം**

വിശുദ്ധ ഗീവർഗ്ഗീസ് സഹദയുടെ അനുഗ്രഹത്താൽ പുണ്യപാവനമായ ഒരു ഗ്രാമമാണ് മൈലപ്ര. ഗ്രാമീണ വിശുദ്ധിയും കാർഷിക സംസ്കാരവും പരസ്പര സ്നേഹവും കൈമുതലാക്കിയ മൈലപ്രയിലെ ജനങ്ങളുടെ ഹൃദയത്തിൽ പ്രഥമസ്ഥാനമർഹിക്കുന്ന വളരെ മനോഹരമായ ഒരു വിദ്യാലയമാണ് മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ.

ധന്യൻ ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് ഒഐസി എന്ന മഹാനായ ആചാര്യ മനസ്സിൽ തെളിഞ്ഞ ഒരു ആശയമായിരുന്നു ബഥനി ആശ്രമം. ആദ്ദേഹത്തിന്റെ ആത്മീയ നേതൃത്വത്തിലുള്ള ദീർഘ വീക്ഷണവും കർമ്മശേഷിയും സമൂഹത്തിൽ ഏറെ മാറ്റങ്ങൾ ഉണ്ടാക്കി. ആതിൽ ഏറ്റവും പ്രധാനമായത് വിദ്യാഭ്യാസ മണ്ഡലത്തിൽ ഉണ്ടായ പുരോഗതിയായിരുന്നു. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ അങ്ങോളം ഇങ്ങോളം ബഥനി സന്യാസ സമൂഹം പടുത്തുയർത്തി. ആതിൽ ഏറ്റവും തലയെടുപ്പോടെ നിൽക്കുന്ന പുരാതനമായ ഒരു വിദ്യാലയമാണ് മൗണ്ട് ബഥനി മൈലപ്ര. ബുദ്ധിപരമായ കഴിവും ജീവിത പക്വതയും സാമൂഹിക പ്രതിബദ്ധതയും സത്യം, ധർമ്മം, നീതി എന്നീ മൂല്യങ്ങൾ പുലർത്തുന്നവരുമായ ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടു കൂടിയാണ് ഈ വിദ്യാലയം ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. Rev. Dr. Ignatius Thangalathil OIC തുടക്കം കുറിക്കുകയും 1977 സംസ്ഥാന സർക്കാർ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനമായി അംഗീകരിക്കുകയും ചെയ്ത ഒരു അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളാണ് മൗണ്ട് ബഥനി മൈലപ്ര. SSLC ബോർഡിനു കീഴിൽ സ്കൂൾ അക്കാദമിക റെക്കോർഡും അതിന്റെ തുടക്കം മുതൽ പാഠ്യേതര പ്രവർത്തനങ്ങളിലെ നേട്ടങ്ങളും സംസ്ഥാനത്തെ ഏറ്റവും പ്രശസ്തമായ സ്കൂളുകളിൽ ഒന്നാക്കി മൗണ്ട് ബഥനിയെ മാറ്റി. 2002-ൽ ഹയർ സെക്കൻഡറി സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 11-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും ബയോളജി രണ്ട് ക്ലാസ്സും കമ്പ്യൂട്ടർ സയൻസ് ഒരു ബാച്ചും ഉൾപ്പെടുത്തിയിട്ടുണ്ട്. സേവന സമ്പന്നരായ മാനേജ്മെന്റിന്റെയും കർമ്മശേഷിയും കാര്യപ്രാപ്തിയുമുള്ള അധ്യാപകരുടെയും നേതൃത്വത്തിൽ ഈ "മുത്തശ്ശി സ്കൂൾ" ഇന്നും ആയിരങ്ങളെ ചേർത്ത് പിടിച്ച് അതിന്റെ പ്രയാണത്തിൽ മുന്നേറുന്നു.

# അവസ്ഥാപഠനം

ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി L.K.G മുതൽ പ്ലസ്ടു വരെയുള്ള ക്ലാസുകൾ പ്രവർത്തിക്കുന്ന വിദ്യാലയമാണ് മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂൾ, മൈലപ്ര. സയൻസ്, കമ്പ്യൂട്ടർ സയൻസ് എന്നീ രണ്ടു വിഭാഗങ്ങളിലായി ആകെ 237 വിദ്യാർത്ഥികളാണുള്ളത്. ഹൈസ്കൂൾ വിഭാഗത്തിൽ 125 കുട്ടികളും പ്രൈമറി, അപ്പർ പ്രൈമറി, നഴ്സറി വിഭാഗങ്ങളിലായി 199 കുട്ടികളും പഠിക്കുന്ന വിദ്യാലയമാണ് മൗണ്ട് ബഥനി, മൈലപ്ര. ഈ സ്കൂളിന്റെ സമീപത്തായി അനേകം സ്കൂളുകൾ പ്രവർത്തിച്ചു വരുന്നതിനാൽ കുട്ടികൾ കുറഞ്ഞു വരുന്ന ഒരു സാഹചര്യവും സ്കൂളിന് ഉണ്ട്. എന്നാൽ സ്കൂളിലെ പഠനാന്തരീക്ഷവും മറ്റു പ്രവർത്തനങ്ങളും സ്കൂളിന്റെ പുരോഗതിയെ മുന്നോട്ടുതന്നെ നയിക്കുന്നു.

ഹയർ സെക്കൻഡറിയിൽ രണ്ട് ബയോളജി സയൻസും ഒരു കമ്പ്യൂട്ടർ സയൻസ് ബാച്ചുമാണ് പ്രവർത്തിച്ചു വരുന്നത്.

വിദ്യാലയങ്ങളുടെ നിലവാരം സമൂഹം വിലയിരുത്തുന്നതിന്റെ പൊതുമാനദണ്ഡം പൊതു പരീക്ഷകളിലെ വിജയം തന്നെയാണ്. നാളിതുവരെയുള്ള വിജയ ശതമാനം പരിശോധിക്കുമ്പോൾ മൗണ്ട് ബഥനി ഹയർ സെക്കൻഡറി സ്കൂൾ 75 -85% നേടുന്നതായി കാണാം. പൊതുവേ സംസ്ഥാന ശരാശരിക്കൊത്ത നിലയിൽ തന്നെയാണ് സ്കൂൾ പ്രവർത്തിച്ചു വരുന്നത്. വിജയ ശതമാനം ഒന്നുകൂടി ഉയർത്തുന്നതിലേക്കാവശ്യമായ പഠന പ്രവർത്തനങ്ങൾ അധ്യാപകരുടെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചു. രക്ഷകർത്താക്കളുടെ പിന്തുണയും കുട്ടികളുടെ ഉത്തരവാദിത്വ ബോധവും വർധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്കൂൾ കൈക്കൊണ്ടിട്ടുണ്ട്. എല്ലാ കുട്ടികളേയും വിജയത്തിലേക്ക് എത്തിക്കുക എന്നതാണ് പ്രധാന ലക്ഷ്യം.

വിദ്യാലയവുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുമായി സ്കൂളിന് ഊഷ്മളമായ ബന്ധമാണുള്ളത്. അവരിൽ പലരും സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആണെന്നുള്ളതും ശ്രദ്ധേയമാണ്. കേരളത്തിലെ ഇപ്പോഴത്തെ ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി വീണാ ജോർജിനെ പോലെയുള്ളവരെ വാർത്തെടുത്ത പത്തനംതിട്ടയിലെ പ്രധാനപ്പെട്ട വിദ്യാലയമാണ് മൗണ്ട് ബഥനി മൈലപ്ര എന്നുള്ളത് ഞങ്ങൾ വളരെ അഭിമാനത്തോടെയാണ് ഓർമിക്കുന്നത്.

സ്കൂളിന്റെ ഭൗതീക സാഹചര്യങ്ങൾ ഏറ്റവും മികച്ചത് തന്നെയാണ്. ആവശ്യത്തിലധികം ക്ലാസ്സ് മുറികളും മറ്റു സൗകര്യങ്ങളും സ്കൂളിനുണ്ട്. അധ്യാപകരുടെ സ്റ്റാഫ് റൂം, ലാബുകൾ, ലൈബ്രറി, റീഡിംഗ് റൂം, എൻ. എസ്സ്. എസ്സ്-കരിയർ ഗൈഡൻസ് കൗൺസലിംഗ് റൂം ഇവയെല്ലാം പ്രത്യേകമായി സജ്ജീകരിച്ചിട്ടുണ്ട്. ആൺകുട്ടികൾ (സീനിയർ) ആൺകുട്ടികൾ (ജൂനിയർ) പെൺകുട്ടികൾ (സീനിയർ) പെൺകുട്ടികൾ (ജൂനിയർ) എന്നിങ്ങനെ ഓരോ വിഭാഗങ്ങൾക്കും പ്രത്യേകം പ്രത്യേകം ശുചിമുറികൾ ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ അറിവ് വികസിപ്പിക്കുന്നതോടൊപ്പം ആരോഗ്യം, സുരക്ഷ ഇവ ഉറപ്പാക്കുന്നതിലും സ്കൂൾ വളരെയധികം ശ്രദ്ധിക്കുന്നുണ്ട്.

കുട്ടികളുടെ കായികക്ഷമത വർധിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഇവിടെ കൈക്കൊണ്ടിട്ടുണ്ട്. വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പലതരം ക്ലബ്ബുകൾ സ്കൂളിനെ വ്യത്യസ്തമാക്കുന്നു. മെച്ചപ്പെട്ട പ്രവർത്തനങ്ങൾ സ്പോർട്ട്സ് ക്ലബ്ബ് ആവിഷ്കരിച്ചിട്ടുണ്ട്. വോളിബോൾ, ഫുട്ബോൾ, ബാഡ്മിന്റൻ, ചെസ്സ്, ഖോഖോ, കരാട്ടേ, യോഗ, സൂംബ, റോളർ സ്കേറ്റിംഗ് തുടങ്ങിയ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂളിനെ ഉയർന്ന നിലവാരത്തിലേക്ക് എത്തിക്കുന്നു. സ്കൂൾ, സബ്ജില്ല, ജില്ല, സംസ്ഥാനതലം ദേശീയ തലത്തിൽ വരെ പ്രാതിനിധ്യം ഉറപ്പിക്കാൻ മൗണ്ട് ബഥനിക്ക് സാധിച്ചു. സ്കൂൾ കലോത്സവം, വിവിധ മേളകൾ എന്നിവയിലും കൂടുതൽ പങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രിതമായ തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്.

# വിഷൻ 2030

കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് ലക്ഷ്യ ബോധത്തോടെ മുന്നോട്ടു പോകുന്ന നമ്മുടെ വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്. ദീർഘകാല ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും അവ നേടിയെടുക്കുന്നതിന് ആവശ്യമായ പദ്ധതികൾ വിഭാവനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്.

ലക്ഷ്യങ്ങളിലൂടെ...

പൊതുസമൂഹം വിദ്യാലയത്തെ വിലയിരുത്തുന്ന മാനദണ്ഡങ്ങളിൽ പ്രാഥമികമായത് പൊതു പരീക്ഷകളിലെ പ്രകടനമാകയാൽ അവ മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണ്ടതുണ്ട്. ഹയർ സെക്കൻഡറിയിൽ നിലവിൽ തുടർന്നു വരുന്ന 75 -85 ശതമാനം വിജയം എന്നത് 95-100 ശതമാനത്തിലേക്കുയർത്താൻ കഴിയണം. അതിനുവേണ്ടി സമഗ്രപഠന പോഷണ പരിപാടി ഈ വർഷം മുതൽ നടപ്പിലാക്കേണ്ടതാണ്.

ഗണിതബോധം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ പ്രത്യേകം ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഗണിതപഠനം കൂടുതൽ ഫലപ്രദമാക്കാൻ സഹായകമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുകയും അവ അധികസമയ ക്ലാസ്സുകളിലൂടെ വിനിമയം ചെയ്യുകയും ചെയ്യാവുന്നതാണ്. ഭാഷാവിഷയങ്ങളിലെ നൈപുണികൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ഉദ്ഗ്രഥിത സമീപനം സ്വീകരിച്ചുകൊണ്ട് പദ്ധതികൾ തയ്യാറാക്കാവുന്നതാണ്. മെന്ററിംഗ് കൂടുതൽ ശാസ്ത്രീയമാക്കുകയും രക്ഷാകർത്തൃ ബോധവൽക്കരണം കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യേണ്ടതുണ്ട്. കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിയാനും അവ പരിഹരിക്കാനുമുള്ള ഇടപെടലുകൾ തുടർച്ചയായി നടത്താൻ നമുക്ക് കഴിയണം. അവ പഠനോപകരണങ്ങൾ നൽകൽ പോലുള്ള ഭൗതീകമായ ഇടപെടലുകൾക്കപ്പുറം സാമൂഹിക സാംസ്കാരിക ഇടപെടലുകളുടെ തലത്തിലേക്ക് വളരേണ്ടതുണ്ട്.

സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ തൃപ്തികരമാണ്. കുട്ടികൾക്ക് ഏറ്റവും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കും വിധം അന്താരാഷ്ട്ര നിലവാരമുള്ള സൗകര്യങ്ങൾ ഒരുക്കുകയാണ് അടുത്ത 5 വർഷംകൊണ്ട് നാം ചെയ്യേണ്ടത്.

നാഷണൽ സർവ്വീസ് സ്കീം, കരിയർ ഗൈഡൻസ്, സൗഹൃദ ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനം കൂടുതൽ സർഗാത്മകവും സാമൂഹികവുമാക്കാൻ കഴിയണം. പൊതുസമൂഹത്തിന് മതിപ്പ് ഉളവാക്കുന്നതും കുട്ടികളുടെ വ്യക്തിത്വ വികസനം ഉറപ്പാക്കുന്നതുമായ തനതു പരിപാടികൾ ആവിഷ്കരിച്ചു നടപ്പാക്കുകയും വേണം.

ലക്ഷ്യബോധമില്ലായ്മയാണ് നമ്മുടെ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥയ്ക്ക് പ്രധാന കാരണങ്ങളിലൊന്ന്. ഓരോ വിദ്യാർത്ഥിയുടേയും അഭിരുചിയും കഴിവും കണ്ടറിഞ്ഞ് അവരുടെ കരിയർ പാത കണ്ടെത്തുന്നതിനുള്ള കരിയർ ഗൈഡൻസ് പ്രവർത്തനങ്ങൾ ഉയരേണ്ടതുണ്ട്.

കായികരംഗത്ത് മികവു പുലർത്താൻ കഴിവുള്ളവരാണ് അപ്പർ പ്രൈമറി മുതൽ ഹയർ സെക്കൻഡറി തലം വരെയുള്ള കുട്ടികൾ. കായിക പരിശീലനത്തിന് ആവശ്യമായ സാഹചര്യങ്ങൾ മാനേജ്മെന്റ് ഒരുക്കിയിട്ടുണ്ടെങ്കിലും മഴ വലിയ പ്രശ്നം ഗ്രൗണ്ടിൽ സൃഷ്ടിക്കുന്നുണ്ട്. അതിനുള്ള നടപടികൾ മാനേജ്മെന്റ് നടത്തിത്തരുമെന്ന ഉറപ്പും കിട്ടിയിട്ടുണ്ട്.

കലാരംഗത്ത് അക്കാദമിക വർഷാരംഭത്തിൽത്തന്നെ ആസൂത്രിതമായ പ്രവർത്തനങ്ങൾ തുടങ്ങണം. ഓരോ കുട്ടിയുടെയും കലാഭിരുചികൾ തിരിച്ചറിയുകയും അതിനനുസരിച്ച് ടീമുകൾ തയ്യാറാക്കാൻ പരിശീലനം തുടങ്ങിയവ ഉറപ്പുവരുത്തണം. മറ്റു മേളകളുടെ കാര്യത്തിലും ഈ സമീപനം സ്വീകരിക്കാവുന്നതാണ്. അപ്പർ പ്രൈമറി മുതലുള്ള കുട്ടികളെ ഹൗസുകളാക്കി തിരിച്ചുകൊണ്ട് മേളകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

## ആസൂത്രണ പ്രവർത്തനങ്ങൾ

ജൂൺ ആദ്യം സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി അധ്യാപകരുടെ ഒരു മീറ്റിംഗ് സംഘടിപ്പിക്കുകയും ചുമതലകൾ വിഭജിച്ച് നൽകുകയും ചെയ്തു. അതതു വിഷയങ്ങളുമായി ബന്ധപ്പെട്ട ഇയർപ്ലാൻ, യൂണിറ്റ്തല സമഗ്രാസൂത്രണം തുടങ്ങിയവ തയ്യാറാക്കാൻ നിർദ്ദേശിച്ചു. വിവിധ ക്ലബ്ബു ചുമതലക്കാർ അവയുമായി ബന്ധപ്പെട്ട പ്ലാനുകളും തയ്യാറാക്കാൻ നിർദ്ദേശിച്ചു. ഇവയെല്ലാം കൂട്ടിയോജിപ്പിക്കുകയും അക്കാദമിക മാസ്റ്റർപ്ലാൻ വികസിപ്പിക്കുകയും ചെയ്യുന്നതിനുള്ള ഒരു കോർഗ്രൂപ്പ് പ്രസ്തുത യോഗത്തിൽ രൂപം കൊള്ളുകയും ജൂൺ അവസാനവാരത്തോടെ ആസൂത്രണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും നിർദ്ദേശിച്ചു.

വിഷയാധിഷ്ഠിത പ്രവർത്തനങ്ങൾ അക്കാദമിക മാസ്റ്റർപ്ലാനിലൂടെ വിവിധ മേഖലകളിൽ അടുത്ത ഏതാനും വർഷങ്ങളിൽ സ്കൂളിൽ നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങളുടെ സമഗ്രരൂപമാണ് അവതരിപ്പിക്കുന്നത്. ഓരോ വിഷയത്തിലും ഈ വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്ന വാർഷികപ്ലാനുകളും അവ യൂണിറ്റ്തല സമഗ്രാസൂത്രണ രേഖകളും തയ്യാറാക്കിവയ്ക്കാനുള്ള തീരുമാനം എടുത്തു. വിവിധ ക്ലബ് ചുമതലയുള്ളവർ അവയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട വാർഷിക പ്ലാനുകൾ തയ്യാറാക്കുന്നത് അഭികാമ്യം. ഇവ കൂടിചേർന്നെങ്കിലേ അക്കാദമിക മാസ്റ്റർ പ്ലാൻ പൂർണ്ണത നേടുന്നുള്ളൂ.

പ്രോജക്ടുകളുടെ പട്ടിക.

1. നേർവഴി
2. ഒപ്പം - പഠന പിന്തുണാപരിപാടി
3. യൂണിറ്റ് റിവ്യൂ സെമിനാർ
4. ഗണിത ബോധനം
5. ഭാഷാമധുരിമ
6. ഇംപ്രൂവ്മെന്റ് പഠനം
7. ദിനാചരണങ്ങൾ , അസംബ്ലി
8. ക്ലബുകൾ , പ്രവർത്തനങ്ങൾ
9. സ്കൂൾ ഇലക്ഷൻ
10. കലാപോഷണപരിപാടി
11. സ്കൂൾ മാഗസിൻ
12. എന്റെ നാട് എന്റെ വിദ്യാലയം - സാമൂഹ്യസമ്പർക്ക പരിപാടി

13. ലഹരിവിരുദ്ധ ബോധവൽക്കരണം
14. ലൈബ്രറി വികസനം
15. ലാബ് നവീകരണം
16. പാർക്ക് നവീകരണം
17. കായിക വികസനം
18. സ്കൂൾ സുരക്ഷ
19. ട്രാഫിക് ബോധവൽക്കരണം
20. എന്റെ ആരോഗ്യം - എന്റെ സമ്പത്ത് - സെമിനാർ
21. പുസ്തക പ്രദർശനം
22. പ്രഥമ ശുശ്രൂഷ - ബോധവൽക്കരണം
23. ശരണാലയം - അനാഥമന്ദിരസന്ദർശനം സഹായ വിതരണം
24. ഹരിതം - പരിസരപഠനം
25. ഫിലിം ഫെസ്റ്റിവൽ

# പ്രോജക്ടുകൾ

## പ്രോജക്ട് നമ്പർ : 1

## നേർവഴി

**ആമുഖം**

പഠനപ്രകിയ പൂർണ്ണ ഫലപ്രാപ്തിയിലേക്കുയരുന്നതിന് അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളുമായുള്ള ബന്ധം ദൃഢമാകേണ്ടതുണ്ട്. ഓരോ വിദ്യാർത്ഥിയും നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുകയും പ്രശ്നപരിഹാരത്തിന് സഹായിക്കുകയും ചെയ്തുകൊണ്ട് പഠനപ്രക്രിയ സുഗമമാക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

- 2025-26 അക്കാദമിക വർഷം ഹയർസെക്കണ്ടറി വിജയം 90 - 100 ശതമാനക്കി ഉയർത്തുക.
- അധ്യാപക വിദ്യാർത്ഥിബന്ധം മെച്ചപ്പെടുത്തുകയും കുട്ടികളുടെ വൈവിധ്യമാർന്ന പ്രശ്നങ്ങൾ ഉൾക്കൊള്ളുകയും ചെയ്തുകൊണ്ട് അവരുടെ പഠനനിലവാരം ഉയർത്താൻ സഹായിക്കുക.

**പ്രവർത്തനങ്ങൾ**

അക്കാദമിക വർഷാരംഭത്തിൽ തന്നെ അധ്യാപകരെ മെന്റർമാരായി നിശ്ചയിക്കുകയും കുട്ടികളെ ചെറിയ ഗ്രൂപ്പുകളായി തിരിക്കുകയും ചുമതല നൽകുകയും ചെയ്യുന്നു.

തുടർപ്രവർത്തനങ്ങൾ അക്കാദമിക വർഷം മുഴുവൻ നടക്കും.

ചുമതല

പ്രിൻസിപ്പാൾ - എസ്. ആർ. ജി.

കൺവീനർ - എസ്. ആർ. ജി. കൺവീനർ

പ്രവർത്തന കാലയളവ് - അക്കാദമികവർഷം

സാമ്പത്തിക വിശകലനം

വിദഗ്ധ ക്ലാസ്സ് -

മോണിറ്ററിംഗ് എല്ലാ മാസത്തേയും എസ്. ആർ. ജി യോഗം വിലയിരുത്തുന്നതാണ്.

## പ്രോജക്ട് നമ്പർ - 2

## ഒപ്പം - പഠനപിന്തുണപരിപാടി

**ആമുഖം**

ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

വീട്ടിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് സഹായകമാവും വിധം രക്ഷാകർത്തൃബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

മെന്ററിംഗ് പ്രവർത്തനങ്ങളിലൂടെ പഠനോപകരണങ്ങൾ ലഭ്യമാക്കേണ്ട കുട്ടികളെ കണ്ടെത്തുന്നു. പഠനോപകരണങ്ങൾ ശേഖരിക്കുന്നു. 'മക്കളെ അറിയാം' എന്നപേരിൽ രക്ഷാകർതൃബോധന പരിപാടി സംഘടിപ്പിക്കുന്നു.

**സാമ്പത്തിക വിശകലനം**

പഠനോപകരണങ്ങൾ - സ്പോൺസറിംഗ്

പി.ടി.എ. ഫണ്ട്

## പ്രോജക്ട് നമ്പർ : 3

# യൂണിറ്റ് റിവ്യൂ സെമിനാർ

**ആമുഖം**

പ്ലസ് ടൂ വിദ്യാർത്ഥികളുടെ പ്ലസ് വൺ പൊതുപരീക്ഷയുടെ ഫലം പരിശോധിക്കുമ്പോൾ 60 ശതമാനത്തിലധികം വിദ്യാർത്ഥികൾക്ക് ഏതെങ്കിലും വിഷയങ്ങൾ ഇമ്പ്രൂവ് ചെയ്യേണ്ട അവസ്ഥയുള്ളതായിക്കാണാം. ഫിസിക്സ്, ഗണിതം തുടങ്ങിയ വിഷയങ്ങളിൽ മെച്ചപ്പെടേണ്ടവരുടെ എണ്ണം കൂടുതലാണ്.

**ലക്ഷ്യങ്ങൾ**

- സഹകരണാത്മക പഠനപ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികളുടെ പഠനനിലവാരം, ആശയപ്രകടനശേഷി തുടങ്ങിയവ വർദ്ധിപ്പിക്കുക.
- വിജയശതമാനം 90 - 100 ശതമാനത്തിലേക്ക് ഉയർത്തുക.
- ഓരോ യൂണിറ്റ് വിനിമയം ചെയ്യുമ്പോഴും കുട്ടികൾ ആർജിക്കേണ്ട ശേഷികൾ, ആശയധാരണകൾ തുടങ്ങിയവ നേടിയെന്ന് ഉറപ്പാക്കുക..
- ഫിസിക്സ്, കെമസ്ട്രി, ബയോളജി തുടങ്ങിയ വിഷയങ്ങളിൽ സെമിനാറുകൾ നടത്തുന്നു.

സംഘാടനം - എസ്. ആർ. ജി

പ്രവർത്തനകാലം

2025 ജൂലൈ മുതൽ ഡിസംബർ വരെ.

# പ്രോജക്ട് നമ്പർ : 4

## ഗണിതബോധനം

**ആമുഖം**

വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഏറെ പ്രയാസമുള്ള വിഷയമാണ് ഗണിതം. ഒന്നാംവർഷ പൊതുപരീക്ഷയുടെ ഫലം പരിശോധിക്കുമ്പോൾ 30 ഓളം കുട്ടികൾ ഈ വിഷയത്തിൽ ഏറെ മെച്ചപ്പെടാൻ ഉള്ളവരാണ്.

**ലക്ഷ്യം**

- വിദ്യാർത്ഥികളിൽ ഗണിത താൽപ്പര്യം വളർത്തുക.

**പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന വിധത്തിൽ യൂണിറ്റ്തല വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു.

പ്രവർത്തനകാലം

2025 ജൂലൈ മുതൽ 2026 ജനുവരി വരെ

ചുമതല

ഗണിതശാസ്ത്ര അധ്യാപകൻ, എസ്. ആർ. ജി.

സാമ്പത്തികം

വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ

# പ്രോജക്ട് നമ്പർ : 5
## ഭാഷാമധുരിമ

**ആമുഖം**

ഹയർസെക്കൻഡറി തലത്തിൽ ഇംഗ്ലീഷ് ഒന്നാം ഭാഷയായും മലയാളം, ഹിന്ദി, സിറിയക്ക് എന്നിവ രണ്ടാം ഭാഷയായും കുട്ടികൾ പഠിക്കുന്നു.

പ്ലസ് ടുവിലെ 10 ശതമാനം കുട്ടികൾക്ക് ഇംഗ്ലീഷ് പ്രയാസമാണെന്ന് പരീക്ഷാഫലം തെളിയിക്കുന്നു. ഭാഷാശേഷികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

**ലക്ഷ്യം**

- പ്ലസ് ടുവിൽ ഭാഷാവിഷയങ്ങൾക്ക് പൂർണ്ണവിജയം ഉറപ്പാക്കുക.
- കുട്ടികളുടെ ഭാഷാശേഷികൾ വികസിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

വിവിധ ഭാഷാ വിഷയങ്ങളിലെ പാഠഭാഗങ്ങളിൽ ഉൾപ്പെട്ട ആശയങ്ങൾ, ചോദ്യമാതൃകകൾ തുടങ്ങിയവ ഉൾപ്പെടുത്തി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകലും പരിശീലനവും.

സംഘാടനം

ഭാഷാ അധ്യാപകൻ

പ്രവർത്തന കാലം

2025 ജൂലൈ മുതൽ ഡിസംബർ വരെ

## പ്രോജക്ട് നമ്പർ : 6

## ഇംപ്രൂവ്മെന്റ് പഠനം

**ആമുഖം**

ഒന്നാം വർഷ ഹയർസെക്കൻഡറി ഫലം പരിശോധിക്കുമ്പോൾ വിദ്യാർത്ഥികളിൽ ചിലർക്ക് ഏതെങ്കിലും വിഷയം ഇംപ്രൂവ് ചെയ്യേണ്ട അവസ്ഥയുണ്ട്. മികച്ച വിജയം ഉറപ്പാക്കുന്നതിനോടൊപ്പം മികച്ച ഗ്രേഡുകൾ ഉറപ്പാക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്.

**ലക്ഷ്യം**

- ❖ വിജയ ശതമാനം ഉയർത്തുക
- ❖ മികച്ച ഗ്രേഡുകൾ നേടാൻ സഹായിക്കുക

**പ്രവർത്തനങ്ങൾ**

റിസൽട്ട് വിശകലനം(കുട്ടി, അധ്യാപകൻ, രക്ഷിതാവ്)

സ്കൂൾ പ്രവൃത്തി സമയം ക്രമീകരിച്ചും അധിക സമയം എടുത്തും ഇംപ്രൂവ്മെന്റ് ക്ലാസുകൾ നൽകുന്നു.

## പ്രോജക്ട് നമ്പർ : 7

## ദിനാചരണങ്ങൾ/അസംബ്ലി

**ആമുഖം**

വിദ്യാർത്ഥികളുടെ വ്യക്തിത്വ വികസനത്തിനും സാമൂഹികവൽക്കരണത്തിനും സഹായകമാകുന്ന പഠനാനുബന്ധ പ്രവർത്തനമാണ് ദിനാചരണങ്ങൾ.

### ദിനാചരണങ്ങൾ 2025-26

(ബ്രാക്കറ്റിൽ മുഖ്യ ചുമതല)

1. ജൂൺ 5 - ലോക പരിസ്ഥിതി ദിനം (എൻ.എസ്.എസ്)
2. ജൂൺ 14 - ലോക രക്തദാന ദിനം (എൻ.എസ്.എസ്, ജെ.ആർ.സി)
3. ജൂൺ 19 - വായനദിനം (എൻ.എസ്.എസ്, ഗൈഡ്സ്, സ്കൗട്ട്)
4. 19-25 - വായന വാരം (വിവിധ ഭാഷാ ക്ലബ്ബുകൾ, സാഹിത്യ സമാജം)
5. ജൂൺ 26 - ലോക ലഹരി വിരുദ്ധ ദിനം (എൻ.എസ്.എസ്, ജെ.ആർ.സി)
6. ആഗസ്റ്റ് 15 - സ്വാതന്ത്ര്യ ദിനം (എൻ.എസ്.എസ്, ഗൈഡ്സ്, സ്കൗട്ട്, എൻ.സി.സി)
7. സെപ്തംബർ 5 - അധ്യാപക ദിനം (എൻ.എസ്.എസ്)
8. ഓഗസ്റ്റ് 28 - അയ്യങ്കാളി ജയന്തി (സ്കൂൾ ജനാധിപത്യവേദി)
9. ഓഗസ്റ്റ് 30 - ഓണാഘോഷം (സ്കൂൾ ജനാധിപത്യവേദി)
10. സെപ്തംബർ 24 - എൻ.എസ്.എസ് ദിനം (എൻ.എസ്.എസ്)
11. സെപ്തംബർ 25 - ലോക ജലദിനം (പരിസ്ഥിതി ക്ലബ്ബ്)
12. ഒക്ടോബർ 2 - ഗാന്ധിജയന്തി - സേവനദിനം (എൻ.എസ്.എസ്, ഗൈഡ്സ്, സ്കൗട്ട്, എൻ.സി.സി, ജെ.ആർ.സി, പരിസ്ഥിതി ക്ലബ്ബ്)
13. ഒക്ടോബർ 14 - യു.എൻ ദിനം (സോഷ്യൽ സയൻസ് ക്ലബ്ബ്)
14. ഒക്ടോബർ 16 - ലോകഭക്ഷ്യദിനം (എൻ.എസ്.എസ്, ജെ.ആർ.സി)
15. നവംബർ 14 - ശിശുദിനം, ലോക പ്രമേഹദിനം (എൻ.എസ്.എസ്)
16. നവംബർ 26 - ഭരണഘടനാദിനം (സോഷ്യൽ സയൻസ് ക്ലബ്ബ്)
17. ഫെബ്രുവരി 28 - ദേശീയ ശാസ്ത്രദിനം (സയൻസ് ക്ലബ്ബ്)

ദിനാചരണങ്ങളുടെ ചുമതലയുള്ളവർ വിശദമായ രൂപരേഖ തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്.

**സ്കൂൾ അസംബ്ലി**

ഓരോ ക്ലാസുകളുടെയും ഊഴം അനുസരിച്ച് അസംബ്ലി സംഘടിപ്പിക്കണം. പ്രത്യേക സന്ദർഭങ്ങളിൽ വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിലും സംഘടിപ്പിക്കാവുന്നതാണ്. ഓരോ ആഴ്ചയിലേയും അസംബ്ലിക്ക് അനുയോജ്യമായ തീം കണ്ടെത്തേണ്ടതാണ്.

# പ്രോജക്ട് നമ്പർ – 8
## ക്ലബ്ബുകൾ, പ്രവർത്തനങ്ങൾ

**ആമുഖം**

മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂളിൽ വിവിധ പഠന വിഷയങ്ങളുമായി ബന്ധപ്പെട്ട ക്ലബ്ബുകൾക്കു പുറമെ എൻ. എസ്. എസ് യൂണിറ്റും ഹയർസെക്കൻഡറി തലത്തിൽ പ്രവർത്തിച്ചു വരുന്നു.

**1. എൻ. എസ്. എസ്**

എൻ. എസ്. എസ് സ്വാശ്രയ യൂണിറ്റായാണ് സ്കൂളിൽ പ്രവർത്തിക്കുന്നത്. എൻ. എസ്. എസ് സെൽ നിർദ്ദേശിക്കുന്ന പരിപാടികൾക്കു പുറമേ പരിസ്ഥിതി, പ്രാദേശിക വിനോദ സഞ്ചാരം, സ്കൂൾ സൗന്ദര്യവൽക്കരണം, ലഹരി വിരുദ്ധ ബോധവൽക്കരണം, ദുരന്ത നിവാരണ ബോധവൽക്കരണം, ശരണാലയം – അഗതികളെ സഹായിക്കൽ, സഹായ വിതരണം, ട്രാഫിക് ബോധവൽക്കരണം, സ്കൂൾ സുരക്ഷ തുടങ്ങിയ പ്രവർത്തനങ്ങൾ ഈ വർഷം നടപ്പിലാക്കാൻ യൂണിറ്റ് തീരുമാനിച്ചിട്ടുണ്ട്.

**2. സ്കൗട്ട്**

മൗണ്ട് ബഥനി സ്കൂളിൽ ഹൈസ്കൂൾ തലത്തിൽ മികച്ച രീതിയിൽ പ്രവർത്തിച്ചു വരുന്ന യൂണിറ്റാണ് സ്കൗട്ട്. പരിസ്ഥിതി ദിനാചരണം, ലഹരി വിരുദ്ധ ബോധവൽക്കരണം, ഭവന സഹായ പദ്ധതി, അനാഥർക്ക് കൈത്താങ്ങ്, ശുചിത്വ ബോധവൽക്കരണം തുടങ്ങി ആത്മാർത്ഥമായ ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**3. ഗൈഡ്സ്**

ഹൈസ്കൂൾ വിഭാഗത്തിൽ പ്രവർത്തിച്ചു വരുന്ന മറ്റൊരു യൂണിറ്റാണ് ഗൈഡ്സ്. വളരെ സജീവമായി പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഒരു യൂണിറ്റാണ് ഗൈഡ്സ്.
സ്കൂളിലെ സ്കൗട്ട് യൂണിറ്റും ഗൈഡ്സ് യൂണിറ്റും ഏകോപിപ്പിച്ചുകൊണ്ടാണ് എല്ലാ പൊതുപരിപാടികളും മുന്നോട്ട് കൊണ്ടുപോകുന്നത്.

**4. എൻ. സി. സി**

വളരെയധികം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്ന ഒരു യൂണിറ്റാണ് എൻ. സി. സി. മൂന്നു വർഷക്കാലമേ ഈ യൂണിറ്റ് സ്കൂളിൽ തുടങ്ങിയിട്ട് ആയിട്ടുള്ളു എങ്കിലും എല്ലാ പ്രവർത്തനങ്ങളും കാര്യക്ഷമമായി ചെയ്യുന്നതിന് സാധിക്കുന്നുണ്ട്.

**5. ജെ. ആർ. സി**

സ്കൂളിലെ പ്രധാനപ്പെട്ട മറ്റൊരു യൂണിറ്റാണ് ജെ. ആർ. സി. മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്ന ഒരു യൂണിറ്റാണ് ജെ. ആർ. സി. യൂണിറ്റ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങളോടൊപ്പം കാരുണ്യ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തുന്നതിന് യൂണിറ്റ് പ്രത്യേകം താൽപര്യം കാണിച്ചു വരുന്നു.

**6. കരിയർ ഗൈഡൻസ് സെൽ**

സ്കൂൾ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടുന്ന പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്.

7. **സയൻസ് ക്ലബ്ബ്**

ശാസ്ത്രാഭിമുഖ്യം കുട്ടികളിൽ വളർന്നു വരേണ്ടത് ഏറ്റവും അത്യാവശ്യമാണ്. ശാസ്ത്രബോധം വളർത്തിയെടുക്കുന്ന കർമ്മപരിപാടികൾ സയൻസ് ക്ലബ്ബ് നന്നായി ചെയ്തു വരുന്നു.

8. **സോഷ്യൽ സയൻസ് ക്ലബ്ബ്**

ചരിത്രാവബോധം സൃഷ്ടിക്കുന്നതോടൊപ്പം കുട്ടികൾക്ക് ജനാധിപത്യബോധം ഉണ്ടാക്കിയെടുക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങളുമായി ക്ലബ്ബ് മുൻനിരയിൽ ഉണ്ട്.

9. **സാഹിത്യ സമാജം**

ഭാഷാ വിഷയങ്ങളുമായി ബന്ധപ്പെട്ടാണ് സാഹിത്യ സമാജം പ്രവർത്തിച്ചു വരുന്നത്. കുട്ടികളിൽ ഭാഷാവബോധം വളർത്തുന്നതിനും സാംസ്കാരികമായ ഉയർച്ചയ്ക്കും സഹായകമാകുന്ന വിധത്തിലുള്ള ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ സ്തുസ്ത്യർഹമാണ്.

10. **യോഗ, കരാട്ടെ**

ഇന്നത്തെ സമൂഹത്തിന്റെ നിർമ്മിതിയ്ക്ക് ഏറ്റവും അവശ്യമായ ഘടകങ്ങളിൽ ഒന്നാണ് സ്വയരക്ഷ. കുട്ടികൾ എവിടെയും തോറ്റു പിന്മാറേണ്ടവരല്ല. ഏതു സാഹചര്യത്തിലും അവരെ പ്രാപ്തരാക്കി വളർത്തിയെടുക്കുന്നതിന് ഈ ക്ലബ്ബുകൾ സഹായിക്കുന്നു.

11. **സ്പോർട്സ് ക്ലബ്ബ്**

കായികക്ഷമതയിൽ സ്കൂളിലെ വിദ്യാർത്ഥികൾ മികച്ച മാതൃക തന്നെയാണ്. വിലമതിക്കാനാവാത്ത പ്രവർത്തനങ്ങളാണ് ക്ലബ്ബ് കാഴ്ച വയ്ക്കുന്നത്. ഖോഖോ, ഫുട്ബോൾ, ബാസ്കറ്റ്ബോൾ, ബാഡ്മിന്റൻ, ചെസ്സ്, കാരംസ് തുടങ്ങിയ വിവിധ ക്ലബ്ബുകൾ ഇവിടെ കർമ്മനിരതരായുണ്ട്. ചിട്ടയായ പരിശീലനത്തിലൂടെ അവർ മുന്നോട്ടുതന്നെയാണ്. ദേശീയ തലത്തിൽ വരെ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ഈ ക്ലബ്ബിന്റെ പ്രവർത്തനം മൂലം സാധിച്ചു. സ്കൂൾ ഉപജില്ല, ജില്ല, സംസ്ഥാന തലങ്ങളിലേക്ക് കുട്ടികളെ എത്തിക്കാനുള്ള ശ്രമങ്ങൾ സ്പോർട്സ് ക്ലബ്ബ് നടത്തുന്നു.

12. **സൗഹൃദ ക്ലബ്ബ്**

കൗമാരക്കാരായ വിദ്യാർത്ഥികളുടെ പൊതുവായ പ്രശ്നങ്ങൾ തിരിച്ചറിയാനുള്ള ബോധവൽക്കരണം, പഠനത്തിന് തടസ്സമാകുന്ന ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹരിക്കാനും ഓരോ കുട്ടിയെയും പ്രാപ്തരാക്കൽ, രക്ഷാകർതൃ ബോധവൽക്കരണം, ജീവിത നൈപുണികൾ ആർജിക്കൽ തുടങ്ങിയവയിൽ ഊന്നിയ തനത് പരിപാടികളും ഈ വർഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

13. **ലഹരിവിരുദ്ധ ക്ലബ്ബ്**

തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ, കൗൺസിലിംഗ്

## പ്രോജക്ട് നമ്പർ - 9

## സ്കൂൾ ഇലക്ഷൻ

കുട്ടികളിൽ ജനാധിപത്യ ബോധം ഊട്ടി ഉറപ്പിക്കുക ജൂൺ അവസാന വാരം ഇലക്ഷൻ നടത്താൻ തീരുമാനിച്ചു. ഇലക്ഷൻ പ്രക്രിയകൾ കുട്ടികളെ ബോധ്യപ്പെടുത്തുന്ന തരത്തിൽ ക്രമീകരണങ്ങൾ നടത്താൻ തീരുമാനിച്ചു.

## പ്രോജക്ട് നമ്പർ - 10

## കലാപോഷണ പരിപാടി

**ആമുഖം**

കലാരംഗത്ത് താൽപര്യം പുലർത്തുകയും മികവ് പുലർത്തുകയും ചെയ്യുന്ന ധാരാളം കുട്ടികൾ വിദ്യാലയത്തിൽ ഉണ്ട്. സ്കൂൾ കലോത്സവങ്ങളിൽ സബ്ജില്ലാതലം മുതൽ സംസ്ഥാനതലം വരെ കുട്ടികളെ എത്തിക്കുന്നതിന് കലാപോഷണ പരിപാടികളിലൂടെ സാധ്യമാകുന്നുണ്ട്. കുട്ടികളുടെ കലാപരമായ അഭിരുചികൾ തിരിച്ചറിയാനും അവയെ പ്രോത്സാഹിപ്പിക്കാനുമുള്ള ഇടപെടലുകൾ നടത്തേണ്ടതുണ്ട്. സംഗീതം, നൃത്തം തുടങ്ങിയവ പരിശീലിപ്പിക്കുന്നതിനായി പ്രത്യേകം അധ്യാപകരുടെ സേവനവും മാനേജ്മെന്റ് ഉറപ്പു വരുത്തിയിട്ടുണ്ട്.

**ലക്ഷ്യങ്ങൾ**

- സ്കൂൾ കലോത്സവങ്ങളിൽ വിവിധ തലങ്ങളിൽ സ്കൂളിന്റെ പങ്കാളിത്തം വർധിപ്പിക്കുക.
- അധ്യയന വർഷാരംഭത്തിൽത്തന്നെ കലോത്സവ മാന്വൽ കുട്ടികളെ പരിചയപ്പെടുത്തണം.
- വിവിധ മത്സര ഇനങ്ങളെക്കുറിച്ച് കുട്ടികളെയും രക്ഷിതാക്കളെയും ബോധ്യപ്പെടുത്തണം. അതിനായി ക്ലാസ് തലത്തിൽ ബോധവൽക്കരണം നടത്താവുന്നതാണ്.

  (ജൂലൈ മാസം)

  കലാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തൽ

  പരിശീലനച്ചെലവ്

  പി. ടി. എ, സ്കൂൾ മാനേജ്മെന്റ്

## പ്രോജക്ട് നമ്പർ – 11
## സ്കൂൾ മാഗസീൻ

**ആമുഖം**

സ്കൂൾ മാഗസീൻ വിദ്യാർത്ഥികളുടെ കഴിവ് പ്രകടിപ്പിക്കുന്നതിന് സഹായകമാകുന്ന ഒരു ഘടകമാണ്. ചിട്ടയായ പ്രവർത്തനങ്ങളിലൂടെ സ്കൂൾ മാഗസിൻ പുറത്തിറക്കാറുണ്ട്. 2025 അധ്യയന വർഷവും മാഗസീൻ പ്രസിദ്ധീകരിക്കാനുള്ള നടപടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**ലക്ഷ്യം**

2025-26 വർഷത്തിൽ മാഗസിൻ പ്രസിദ്ധീകരിക്കൽ .

**പ്രവർത്തനങ്ങൾ**

- സംഘാടക സമിതിയെ തിരഞ്ഞെടുക്കൽ
- സംഘാടക സമിതിയുടെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടക്കുന്നതാണ്.
- എഡിറ്ററെ തിരഞ്ഞെടുക്കൽ, സൃഷ്ടികൾ ക്ഷണിക്കൽ

സാമ്പത്തിക വിശകലനം

സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം

പരസ്യങ്ങൾ, സ്പോൺസറിംഗ്, പി. ടി. എ. ഫണ്ട്

മാനേജ്മെന്റ് ഫണ്ട്.

## പ്രോജക്ട് നമ്പർ – 12
## എന്റെ നാട്, എന്റെ വിദ്യാലയം – സാമൂഹിക സമ്പർക്ക പരിപാടി

**ആമുഖം**

സ്കൂൾ വികസന സമിതി, സ്കൂൾ സംരക്ഷണ സമിതി, പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ, അഭ്യുദയകാംക്ഷി കൂട്ടായ്മകൾ തുടങ്ങിയവയുടെ സജീവമായ പ്രവർത്തനം സ്കൂളിനെ സമൂഹവുമായി ഏറെ അടുപ്പിക്കുന്നു.

**ലക്ഷ്യം**

സ്കൂളും പൊതു സമൂഹവുമായുള്ള ബന്ധം ശക്തിപ്പെടുത്തൽ

**പ്രവർത്തനം, ചുമതല**

പി. ടി. എ , എസ്. ആർ. ജി, മാനേജ്മെന്റ്

സാമ്പത്തിക വിശകലനം

വിവിധ ചെലവുകൾ : സ്കൂൾ മാനേജ്മെന്റ്, പി. ടി. എ.

## പ്രോജക്ട് നമ്പർ - 13
## ലഹരിവിരുദ്ധ ബോധവൽക്കരണം

**ആമുഖം**

2025 അധ്യയന വർഷം വിദ്യാലയം ഏറ്റെടുത്തിരിക്കുന്ന ഏറ്റവും വലിയ കർമ്മ പദ്ധതിയാണ് ലഹരിവിരുദ്ധ ബോധവൽക്കരണം. ലഹരി നമ്മുടെ സമൂഹത്തിൽ പടർന്നു പിടിച്ചിരിക്കുന്ന വലിയൊരു വിപത്താണെന്ന് കുട്ടികൾ തിരിച്ചറിയേണ്ടതുണ്ട്. "ജീവിതമാണ് ലഹരി" എന്ന സന്ദേശവുമായി എൻ. എസ്സ്. എസ്സ്, എൻ. സി. സി, സ്കൗട്ട്, ഗൈഡ്സ്, ജെ. ആർ. സി എന്നീ യൂണിറ്റുകൾ സജീവമായി രംഗത്തുണ്ട്. ഓരോ യൂണിറ്റിന്റെ നേതൃത്വത്തിലും സംയുക്തമായും ലഹരി വിരുദ്ധ ക്ലാസുകളും പൊതു പരിപാടികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

**ലക്ഷ്യങ്ങൾ**

- ❖ കുട്ടികളിൽ ലഹരി ഉപയോഗിക്കുന്നതു മൂലമുള്ള ദോഷങ്ങളെക്കുറിച്ച് അവബോധം ഉണ്ടാക്കുക.
- ❖ ലഹരി ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ സജീവമാകുക.

**പ്രോജക്ട് നമ്പർ - 14**

ലൈബ്രറി വികസനം

**ആമുഖം**

വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന ഒരു ലൈബ്രറി യൂണിറ്റ് സ്കൂളിനുണ്ട്. ചെറിയ ചെറിയ പരിമിതികൾ ഉണ്ട് എങ്കിലും അതുകൂടി പരിഹരിച്ചു കൊണ്ടുപോകുന്നതിനുള്ള നിർദ്ദേശങ്ങൾ സ്കൂൾ മാനേജ്മെന്റ് അംഗീകരിച്ചിട്ടുണ്ട്. ലൈബ്രറി കേന്ദ്രീകരിച്ചിരിക്കുന്നത് സ്കൂൾ കെട്ടിടങ്ങളുടെ ഏറ്റവും മുകളിലെ നിലയിലായതിനാൽ കുറച്ച് ബുദ്ധിമുട്ടുകൾ ഉണ്ട്. അത് മാറ്റി എടുക്കുന്നതിനുള്ള തീരുമാനം ആയിട്ടുണ്ട്. ഓരോ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ വ്യക്തിത്വ വികസനത്തിനനുസരിച്ചുള്ള പുസ്തകങ്ങളുടെ അപര്യാപ്തത പരിഹരിക്കാനുള്ള നിർദ്ദേശവും മാനേജ്മെന്റ് പരിഗണിച്ചിട്ടുണ്ട്.

**ലക്ഷ്യങ്ങൾ**

- ❖ കുട്ടികളെ പുസ്തകങ്ങളുമായി അടുപ്പിക്കുക.
- ❖ വായനയിലൂടെ സാംസ്കാരിക വളർച്ച നേടുക
- ❖ ''വായിച്ചുവളരുക'' എന്ന ലക്ഷ്യത്തിലേക്ക് നയിക്കുക

സാമ്പത്തിക വിശകലനം

സ്കൂൾ മാനേജ്മെന്റ്, അധ്യാപകക്കൂട്ടായ്മ, പി.ടി.എ

# പ്രോജക്ട് നമ്പർ - 15
# ലാബ് നവീകരണം

**ആമുഖം**

മൗണ്ട് ബഥനി സ്കൂളിൽ സുസജ്ജമായ ലാബുകളാണ് പ്രവർത്തിച്ചുവരുന്നത്. കമ്പ്യൂട്ടർ സയൻസ് പ്ലസ് ടു വിന് പ്രത്യേകം ലാബ് ക്രമീകരിച്ചിട്ടുണ്ട്. ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി പ്രത്യേകം ലാബ് ക്രമീകരിച്ചിട്ടുണ്ട്. 16 കമ്പ്യൂട്ടറുകൾ അവിടെ പ്രവർത്തനസജ്ജമാണ്. പ്രൈമറി, അപ്പർപ്രൈമറി തലത്തിലുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ പരിചയം നേടത്തക്കവിധത്തിലാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഹൈസ്കൂൾ ക്ലാസ്സുകൾ വിദ്യാഭ്യാസവകുപ്പിന്റെ നിർദ്ദേശാനുസരണം ലാബ് ഉപയോഗപ്പെടുത്തുന്നു. IT ഫെയറുകൾ IT ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നല്ല നിലവാരം പുലർത്തുന്നതിന് IT ക്ലബ്ബിന് സാധിച്ചിട്ടുണ്ട്. IT ഫെയറിൽ ധാരാളം സമ്മാനങ്ങൾ സ്കൂളിന് ലഭിച്ചിട്ടുണ്ട്. IT ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി നടത്താൻ ക്ലബ്ബ് തീരുമാനം എടുത്തിട്ടുണ്ട്.

പ്ലസ് ടൂ വിഭാഗത്തിൽ ബോട്ടണി, സുവോളജി, കെമിസ്ട്രി, ഫിസിക്സ്, ഗണിതം എന്നീ വിഷയങ്ങൾക്കായി പ്രത്യേകം ലാബുകൾ ക്രമീകരിച്ചിട്ടുണ്ട്. എല്ലാ ലാബുകളും പ്രവർത്തനസജ്ജമാണ്. ലാബ് നവീകരിക്കുന്നതിന്റെ ഭാഗമായി റൂമുകൾ ടൈൽ ഇടുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ലാബുകൾക്കാവശ്യമായ സാധനങ്ങളുടെ ലഭ്യതയും ഉറപ്പാക്കേണ്ടതുണ്ട്.

## പ്രോജക്ട് നമ്പർ – 16
## പാർക്ക് നവീകരണം

**ആമുഖം**

നഴ്സറി വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന ഒരു വിദ്യാലയമാണ് മൗണ്ട് ബഥനി മൈലപ്ര. കൊച്ചുകുഞ്ഞുങ്ങളുടെ വളർച്ചയുടെ ഘട്ടത്തിൽ അവരിൽ പഠനത്തോടൊപ്പം പഠനേതര പ്രവർത്തനങ്ങളും കാര്യക്ഷമമായി നടത്തിവരുന്നു. വരയുടെയും വർണ്ണങ്ങളുടെയും കഥകളുടെയും കാഴ്ചകളുടെയും ലോകത്തേക്ക് അവരെ കൊണ്ടെത്തിക്കുന്നതിന് ICT സാധ്യതകൾ ഉപയോഗിച്ചുവരുന്നു. കുഞ്ഞുങ്ങൾക്ക് ഇടവേളകൾ ആസ്വാദ്യമാക്കുന്നതിന് ഒരു പാർക്ക് ക്രമീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ കുറച്ചുകൂടി കാര്യക്ഷമമാക്കുന്നതിന് മാനേജ്മെന്റ് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ വർഷം പാർക്ക് നവീകരണവും സാധ്യമാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്.

## പ്രോജക്ട് നമ്പർ – 17
## കായിക വികസനം

**ആമുഖം**

കുട്ടികലുടെ ആരോഗ്യപരമായ കാഴ്ചപ്പാട് വളർത്തിയെടുക്കുന്നതിന് കായികക്ഷമത വളരെ അനിവാര്യമാണ്. ആരോഗ്യമുള്ള ശരീരവും ആരോഗ്യമുള്ള മനസ്സും സമ്പന്നതയാണ്. ലഹരിപോലുള്ള കാര്യകെണികളിലൊന്നും കുട്ടികൾ ചെന്നു ചാടാതിരിക്കുന്നത് സ്കൂളിലെ കായികപരിശീലനം കാരണമാണ്. ചിട്ടയായ വ്യായാമവും പരിശീലനവും കുട്ടികളെ കായികക്ഷമതയുള്ളവരാക്കി മാറ്റുന്നു.

**ലക്ഷ്യം**

- കുട്ടികൾക്ക് ലക്ഷ്യബോധം വളർത്തിയെടുക്കുക.
- ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക.

സാമ്പത്തിക വിശകലനം

സ്കൂൾ പി.ടി.എ.

## പ്രോജക്ട് നമ്പർ - 18
## സ്കൂൾ സുരക്ഷ

**ആമുഖം**

സമകാലിക സമൂഹത്തിൽ നമ്മുടെ കുട്ടികൾക്ക് ആദ്യം ബോധം ഉണ്ടാകേണ്ടത് സ്വയ സുരക്ഷയെക്കുറിച്ചാണ്. വ്യത്യസ്ത സാഹചര്യങ്ങളിലൂടെ കടന്നുവരുന്ന കുട്ടികൾക്ക് സുരക്ഷ ഒരുക്കേണ്ട കടമ സ്കൂളിനുണ്ട് എന്ന തിരിച്ചറിവിലാണ് ഓരോ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നത്. സ്കൂൾ എന്നും എപ്പോഴും സുരക്ഷ ഒരുക്കുന്ന ഒരിടമാണെന്ന ബോധ്യം കുട്ടികൾക്ക് ഉണ്ടാക്കിയെടുക്കാൻ ആവുന്നത്ര ശ്രമം നടത്തിവരുന്നുണ്ട്. അതിനായി ഒരു കൗൺസിലിംഗ് സെൽ സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നുസംസാരിക്കാനും മാനസികവും ശാരീരികവുമായ എല്ലാ കാര്യങ്ങൾക്കും പരിഹാരം നിർദ്ദേശിക്കുന്നതിൽ സെൽ വിദഗ്ദമായ ഇടപെടലുകൾ നടത്തുന്നു. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അതിനനുസരിച്ചുള്ള കാര്യങ്ങൾ ക്രമീകരിക്കുന്നതിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. കുടുംബത്തിലുള്ള പ്രശ്നങ്ങളും സമൂഹത്തിൽ നിന്ന് നേരിടുന്ന ബുദ്ധിമുട്ടുകളും തുറന്നുപറയുന്നതിനും അതിന് അവർക്ക് പരിഹാരം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ തുടർന്നും നടത്തേണ്ടതുണ്ട് എന്ന തിരിച്ചറിവിലാണ് ഇതിലെ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നത്. സ്കൂൾ ജാഗ്രതാ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരുമാനിച്ചു.

**ലക്ഷ്യം**

- സ്വയം തിരിച്ചറിയുക.
- സാമൂഹികമായ കാഴ്ചപ്പാടുകൾ വിലയിരുത്തുക.
- സ്വയസുരക്ഷയെക്കുറിച്ച് ബോധ്യമുണ്ടാവുക.
- ജീവിതസാഹചര്യങ്ങളെ അറിയുക.
- ഏതു സാഹചര്യത്തിലും ജീവിതം ഒന്നേയുള്ളു അത് നന്നായി ജീവിക്കണം എന്ന ബോധ്യം വാർത്തെടുക്കുക.
- ജീവിത വഴിയിൽ തളരാതെ മുന്നോട്ട് പോവുക.

## പ്രോജക്ട് നമ്പർ – 19

## ട്രാഫിക് ബോധവൽക്കരണം

**ആമുഖം**

കുട്ടികൾ ധാരാളം കാര്യങ്ങൾ പഠിക്കുന്നു. എന്നാൽ പലപ്പോഴും പ്രായോഗിക പരിജ്ഞാനം കുറവാണെന്ന് പല സംഭവങ്ങളും നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് ട്രാഫിക് നിയമങ്ങൾ അറിയാതെ പോകുന്നതും റോഡ് സുരക്ഷ ശ്രദ്ധിക്കാതിരിക്കുന്നതും. കുട്ടികൾക്ക് ബോധവൽക്കരണം നടത്തേണ്ട ഒരു പ്രധാന ഘടകമാണ് ഇത് എന്ന് മനസ്സിലാക്കി ട്രാഫിക് പോലീസിന്റെ ബോധവൽക്കരണക്ലാസുകൾ നടത്താൻ തീരുമാനിച്ചു.

**ലക്ഷ്യം**

❖ കുട്ടികളിൽ റോഡ് നിയമങ്ങൾ ബോധ്യമാക്കുക.

❖ നിയമങ്ങൾ പാലിക്കാനുള്ളതാണ്, ലംഘിക്കാനുള്ളതല്ല എന്ന തിരിച്ചറിവ് ഉണ്ടാക്കുക.

**സാമ്പത്തിക വിശകലനം**

സ്കൂൾ മാനേജ്മെന്റ്, പി.ടി.എ.

## പ്രോജക്ട് നമ്പർ – 20

## എന്റെ ആരോഗ്യം, എന്റെ സമ്പത്ത്

**ആമുഖം**

ആരോഗ്യപരിപാലനം ഓരോരുത്തരുടെയും കടമയാണ്. ''ഭക്ഷണവും ആരോഗ്യവും'' സമകാലിക സമൂഹത്തിൽ ഏറ്റവും പ്രാധാന്യമുള്ള ഒരു വിഷയമാണെന്ന് മനസ്സിലാക്കി ആരോഗ്യമേഖലയിൽ ഉള്ളവരെ ഉൾപ്പെടുത്തി കുട്ടികൾക്ക് ''ഭക്ഷണവും ആരോഗ്യവും'' എന്ന വിഷയത്തിൽ സെമിനാറുകളും ക്ലാസ്സുകളും നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ലക്ഷ്യം**

❖ കുട്ടികളിൽ വ്യായാമത്തിന്റെ പ്രാധാന്യം ഊട്ടി ഉറപ്പിക്കുക.

❖ ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധിക്കുക

❖ ആരോഗ്യം പരിപാലിക്കുക

❖

## പ്രോജക്ട് നമ്പർ – 21
## പുസ്തകപ്രദർശനം

**ആമുഖം**

വായന മനുഷ്യനെ പൂർണ്ണനാക്കുന്നു. വായനയുടെ പ്രാധാന്യം കുട്ടികളിൽ വളർന്നുവരേണ്ടതുണ്ട്. വായനയുടെ ലോകത്തേക്ക് കുട്ടി എത്തിപ്പെട്ടെങ്കിൽ മാത്രമേ അവനിൽ സാംസ്കാരികവളർച്ച ഉണ്ടാവുകയുള്ളൂ. കുട്ടികൾക്ക് പുസ്തകങ്ങൾ കണ്ടുമനസ്സിലാക്കാനും പുസ്തകങ്ങളെ അറിയാനും അറിവിന്റെ വിശാലതയിലേക്ക് പറന്നുയരാൻ സഹായിക്കുന്നതിനുമായി ഒരു പുസ്തകപ്രദർശനം നടത്താൻ തീരുമാനിച്ചു.

**ലക്ഷ്യങ്ങൾ**

- വായനയിലേക്കും പുസ്തകങ്ങളിലേക്കും അടുപ്പിക്കുക.
- സാംസ്കാരിക വളർച്ച.

## പ്രോജക്ട് നമ്പർ – 22
## പ്രഥമശുശ്രൂഷ - ബോധവൽക്കരണം

**ആമുഖം**

കുട്ടികൾ പലപ്പോഴും പലതരത്തിലുള്ള അപകടങ്ങളിൽ അകപ്പെടാറുണ്ട്. അപ്രതീക്ഷിത ദുരന്തങ്ങൾ സംഭവിച്ചാൽ എങ്ങനെ നേരിടണം, വെള്ളത്തിൽ മുങ്ങിയാൽ എന്താണ് ചെയ്യേണ്ടത് ഗ്യാസ്, ഇലക്ട്രിക് ഉപകരണങ്ങൾ ഇവയുടെ ഉപയോഗം തുടങ്ങി പല അപകടകരമായ സാഹചര്യങ്ങളും ഉണ്ടാകാറുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എങ്ങനെയാണ് പ്രവർത്തിക്കേണ്ടത്, പ്രഥമശുശ്രൂഷ ആവശ്യമാകുന്നത് എപ്പോഴൊക്കെയാണ്, പാമ്പ് കടിയേറ്റാൽ, പട്ടികടിച്ചാൽ ഉടനടി ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് തുടങ്ങി പല കാര്യങ്ങളിലും കുട്ടികൾക്ക് വേണ്ടത്ര അറിവ് ഇല്ല. ഇന്നത്തെ ജീവിതസാഹചര്യത്തിൽ കുട്ടികൾ ഈ വിധകാര്യങ്ങളെല്ലാം അറിഞ്ഞിരിക്കേണ്ടതുണ്ട്. ഈലക്ഷ്യത്തോടു കൂടി ബോധവൽക്കരണ ക്ലാസ്സുകൾ നടത്താൻ തീരുമാനം എടുത്തു.

## പ്രോജക്ട് നമ്പർ – 23

## ശരണാലയം – പദ്ധതി

**ആമുഖം**

വളർന്നുവരുന്ന കുട്ടികളിൽ സാമൂഹികബോധം വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. സമൂഹത്തെ അറിയാനും കഷ്ടപ്പെടുന്നവരെ മനസ്സിലാക്കാനും സഹായിക്കാനുമുള്ള മനസ്സ് ചെറുപ്പത്തിൽ തന്നെ കുട്ടികളിൽ വളർന്നുവരേണ്ടതുണ്ട്. ശരണാലയം പദ്ധതി അതിനൊരു തുടക്കമാണ്. ശരണാലയങ്ങൾ സന്ദർശിക്കാനും സഹായങ്ങൾ വിതരണം ചെയ്യുന്നതിനും തീരുമാനം എടുത്തു.

**ലക്ഷ്യം**

- ❖ കുട്ടികളിൽ സഹായമനസ്ഥിതി വളർത്തുക.
- ❖ കാരുണ്യ പ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം ഉറപ്പാക്കുക.
- ❖ ''മനുഷ്യൻ സാമൂഹിക ജീവി'' എന്ന തിരിച്ചറിവ്

**സാമ്പത്തിക വിശകലനം**

തുണിത്തരങ്ങൾ, പലചരക്ക് സാധനങ്ങൾ തുടങ്ങിയവ ശേഖരിക്കൽ.

## പ്രോജക്ട് നമ്പർ – 24

## ഹരിതം – പരിസരപഠനം

**ആമുഖം**

ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ ദുരിതമാണ് പരിസരമലിനീകരണം. പരിസരപഠനം ശരിയായ രീതിയിൽ ലഭിക്കാത്തതാണ് ഇതിന് കാരണം. വളർന്നുവരുന്ന തലമുറയെങ്കിലും പരിസ്ഥിതി ബോധമുള്ളവരായിതീരേണ്ടതുണ്ട്. അവരിൽ പരിസര ശുചിത്വബോധവൽക്കരണം സാധ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ''ഹരിതം'' പദ്ധതി ആവിഷ്കരിച്ചത്. സ്കൂൾ ശുചിത്വക്ലബിന്റെ നേതൃത്വത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യാൻ നിർദ്ദേശിച്ചിരിക്കുകയാണ്.

## പ്രോജക്ട് നമ്പർ - 25

## ഫിലിം ഫെസ്റ്റിവൽ

**ആമുഖം**

ആധുനിക കാലത്തിന്റെ കലാരൂപമാണ് സിനിമ. യുവതലമുറയെ ഏറ്റവുമധികം സ്വാധീനിക്കുന്ന മാധ്യമമാണത്. നല്ല സിനിമയെ തിരിച്ചറിയാനും വിമർശനാത്മകമായി വിലയിരുത്താനും കുട്ടികൾക്ക് കഴിയേണ്ടതുണ്ട്. ഏറ്റവമധികം തൊഴിൽ സാധ്യതകൾ ഉള്ള ഒരു മേഖലയാണ് സിനിമ എന്നത്. അങ്ങനെയുള്ള മാധ്യമത്തെ അടുത്തറിയാൻ കുട്ടികളെ സഹായിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

**ലക്ഷ്യം**

- ❖ സ്കൂൾ തലത്തിൽ ഒരു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുക
- ❖ സിനിമാസ്വാദനം തയ്യാറാക്കൽ
- ❖ കുട്ടികളിൽ കലാബോധം വളർത്തുക
- ❖ പാരിസ്ഥിതിക ബോധം ഉറപ്പിക്കുക

**പ്രവർത്തനങ്ങൾ**

- ❖ സിനിമാസ്വാദന ക്ലബ്ബ് രൂപീകരണം
- ❖ പരിശീലനം-തിരക്കഥ തയ്യാറാക്കൽ തുടങ്ങിയവ

സംഘാടന ചുമതല

ഭാഷാധ്യാപകർ, എൻ. എസ്സ്. എസ്സ്.

സാമ്പത്തിക വിശകലനം

സ്കൂൾ പി.ടി.എ, മാനേജ്മെന്റ്, അധ്യാപകർ

**മോണിറ്ററിംഗ്**

പ്രിൻസിപ്പാൾ, പി.ടി.എ പ്രസിഡന്റ്, സീനിയർ അസിസ്റ്റന്റ് (ഹയർ സെക്കൻഡറി) എസ്. ആർ.ജി കൺവീനർ. രണ്ട് വിദ്യാഭ്യാസ വിദഗ്ധർ,രണ്ട് അധ്യാപകർ, മാനേജമെന്റ് പ്രതിനിധി എന്നിവരടങ്ങിയ സമിതി പ്രവർത്തനങ്ങളുടെ പൊതുവായ മോണിറ്ററിംഗ് നടത്തും.

## ഉപസംഹാരം

പത്തനംതിട്ട ജില്ലയുടെ ഹൃദയ ഭാഗത്തുള്ള അതിമനോഹരമായൊരു വിദ്യാലയമാണ് മൗണ്ട് ബഥനി ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂൾ മൈലപ്ര. 2026 ൽ സുവർണ്ണ ജൂബിലി യിലേക്ക് കടക്കുന്ന സ്കൂളിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിസ്വാർത്ഥമായ സേവനം നടത്തി വരുന്ന ബഥനി സന്യാസ സമൂഹത്തിന്റെ ഉൾക്കാഴ്ച്ചയാണ് സ്കൂളിനെ ഏറെ വ്യത്യ സ്തമാക്കുന്നത്. (പുരോഗതിക്ക് അടിസ്ഥാനം)

സ്കൂളിന്റെ മുന്നോട്ടുള്ള യാത്രയിൽ സ്കൂൾ മാനേജ്മെന്റ്, അധ്യാപക അനധ്യാപകർ, വിദ്യാർത്ഥികൾ, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ തുടങ്ങി ഏവരുടേയും സഹക രണം സ്കൂളിനെ പത്തനംതിട്ടയുടെ തിലകക്കുറിയായി മാറ്റിയിരിക്കുന്നു. പൊതു സമൂഹത്തി നാകെ പ്രിയപ്പെട്ട സ്ഥാപനമാക്കി സ്കൂളിനെ മാറ്റിയെടുക്കുന്നതിന് പങ്കുവഹിച്ച ഓരോ വ്യക്തിത്വങ്ങളേയും ആദരവോടെ സ്മരിക്കുന്നു. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊ ണ്ടുകൊണ്ട് സ്കൂളിനെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.